## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

**(ഹാജർ : സുനിൽകുമാർ, (I/c))**

വിഷയം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകി നിയമിച്ച് - ഉത്തരവാകുന്നു.

പരാമർശം:
1. തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നുമുള്ള 23.11.2016 തീയതിയിലെ ഇ(2) 12526/16 നമ്പറായുള്ള കത്ത്.
2. ശ്രീമതി. സതിമോൾ. പി.ബി, ജൂനിയർ സൂപ്രണ്ട് സമർപ്പിച്ച 25.11.2016 തീയതിയുള്ള അപേക്ഷ.
3. ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശുപാർശ ചെയ്ത ജൂനിയർ സൂപ്രണ്ടിന്റെ അമ്മ സമർപ്പിച്ച സങ്കട ഹർജി.

### ഉത്തരവ് നം. എസ്.എ (2) 6000/14 തീയതി : 04.02.2017.

മേൽ പരാമർശം (1) പ്രകാരം 31.12.2016-ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജയശ്രീ. സി 01.12.2016 മുതൽ 31.12.2016 വരെ എൽ.പി.ആറിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ജൂനിയർ സൂപ്രണ്ടായ ശ്രീ. എസ്. സോമരാജൻ മേൽ ഒഴിവിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ശ്രീ. സോമരാജൻ, ജൂനിയർ സൂപ്രണ്ടിന്റെ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശുപാർശ ചെയ്ത് നൽകിയിട്ടുമുണ്ട്. പരാമർശം (2) പ്രകാരം കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. സതിമോൾ. പി.ബി സമർപ്പിച്ച അപേക്ഷയിൽ ടിയാൾ 'ഡോർഫിസം' എന്ന ശാരീരിക വൈകല്യമുള്ള ആളാണെന്നും ട്രെയിനിലോ, ബസിലോ കയറി പരസഹായമില്ലാതെ യാത്ര ചെയ്യുവാനോ, ഹോസ്റ്റലിൽ താമസിക്കുവാനോ സാധിക്കുകയില്ലായെന്നും കോട്ടയം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നും അപേക്ഷിച്ചിട്ടുണ്ട്, കൂടാതെ പരാമർശം (3) പ്രകാരമുള്ള ശ്രീമതി. സതിമോൾ.പി.ബിയുടെ അമ്മ സമർപ്പിച്ച സങ്കട ഹർജിയിൽ ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി കോട്ടയം ജില്ലയിൽ വരുന്ന ഒഴിവിൽ ടിയാളെ നിയമിക്കുമ്പോൾ നിർദ്ദേശിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ജൂനിയർ സൂപ്രണ്ടുമാർക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാക്കുന്നു.

| ക്രമ നം. | പേരും ജോലി ചെയ്യുന്ന ഓഫീസ് | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ. എസ്. സോമരാജൻ, ജൂനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം | പ്രിൻസിപ്പൽ കൃഷി ഓഫീസ്, തിരുവനന്തപുരം (ശ്രീമതി. ജയശ്രീ. സി, ജൂനിയർ സൂപ്രണ്ട്, എൽ.പി.ആറിൽ പ്രവേശിക്കുക വഴി ഉണ്ടായ ഒഴിവ്) |
| 2 | ശ്രീമതി. സതിമോൾ. പി.ബി, ജൂനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ | പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം (ശ്രീ. എസ്. സോമരാജൻ, ജൂനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം നൽകിയതിനാൽ ഉണ്ടായ ഒഴിവ്) |

സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട മേലധികാരികൾ വിട്ടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിച്ച / വിട്ടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ഈ ഉത്തരവ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**ഒപ്പ്**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

പകർപ്പ്

ശ്രീ. എസ്. സോമരാജൻ,
ജൂനിയർ സൂപ്രണ്ട്,
പ്രിൻസിപ്പൽ കൃഷി ഓഫീസ്, കോട്ടയം.

Shely george

**ADMINISTRATIVE ASSISTANT II**
Directorate of Agriculture
Vikas Bhavan
Thiruvananthapuram

ശ്രീമതി. സതിമോൾ. പി.ബി,
ജൂനിയർ സൂപ്രണ്ട്,
പ്രിൻസിപ്പൽ കൃഷി ഓഫീസ്, കണ്ണൂർ.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് I & II
പ്രിൻസിപ്പൽ കൃഷി ഓഫീസ്, തിരുവനന്തപുരം / കോട്ടയം / കണ്ണൂർ

RDR/110115